# അപേക്ഷ നല്കാൻ കാലതാമസം വന്നു എന്ന കാരണത്താൽ ഇൻഷുറൻസ് ആനുകൂല്യം നിഷേധിക്കാനാവില്ല

## സുപ്രീം കോടതി

C.A. No. 653/2020 Dt. 24.1.2020

ഗുർഷിന്ദർ സിങ്
x
ശ്രീറാം ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

കൃഷിക്കാരനായ ഗുർഷിന്ദർ 2010 ജൂൺ മാസത്തിൽ ഒരു ട്രാക്ടർ വാങ്ങി. അയാൾ ട്രാക്ടറിന് ഇൻഷുറൻസ് എടുക്കുകയും ചെയ്തു. നാശനഷ്ടമോ മോഷണമോ ഉണ്ടായാൽ ഉടനടി ഇൻഷുറൻസ് കമ്പനിയെ അറിയിക്കണമെന്നും കമ്പനിയുടെ അന്വേഷണവുമായി സഹകരിക്കണമെന്നും ഇൻഷുറൻസ് കരാറിൽ വ്യവസ്ഥയുണ്ട്. ട്രാക്ടർ വാങ്ങി നാല് മാസം കഴിഞ്ഞപ്പോൾ അത് മോഷണം പോയി. മോഷണം പോയ അന്നുതന്നെ അയാൾ പോലീസിൽ പരാതി നല്കി. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. 2010 ഡിസംബർ മാസത്തിൽ പോലീസ് അന്തിമ റിപ്പോർട്ട് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചു. മോഷണം പോയ ട്രാക്ടർ അതുവരെ കണ്ടുകിട്ടിയില്ല എന്നാണ് പോലീസ് റിപ്പോർട്ട് ചെയ്തത്. 2010 ഡിസംബർ 15-ാം തീയതി വാഹന ഉടമ ഇൻഷുറൻസ് കമ്പനിയിൽ അപേക്ഷ നല്കി. ട്രാക്ടർ മോഷണം പോയതിന് നഷ്ടപരിഹാരമായി 4,70,000 രൂപ ആവശ്യപ്പെട്ടാണ് അയാൾ അപേക്ഷ നല്കിയത്. അപേക്ഷ സമർപ്പിക്കുന്നതിന് 52 ദിവസത്തെ കാലതാമസം വന്നിട്ടുണ്ടെന്നും അത് കരാർ വ്യവസ്ഥകളുടെ ലംഘനമാണെന്നും ചൂണ്ടിക്കാട്ടിയ ഇൻഷുറൻസ് കമ്പനി വാഹന ഉടമയുടെ അപേക്ഷ നിരസിച്ചു. ഇതിനെതിരെ അയാൾ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നല്കി. ഇൻഷുറൻസ് കമ്പനിയുടെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ ഫോറം കമ്പനിക്ക് നഷ്ടപരിഹാരമായി 4,70,000 രൂപ 12% പലിശ സഹിതം വാഹന ഉടമയ്ക്ക് നല്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ജില്ലാ ഫോറത്തിന്റെ വിധി ശരിവച്ച സംസ്ഥാന കമ്മീഷൻ ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ തള്ളിക്കളഞ്ഞു. തുടർന്ന് ഇൻഷുറൻസ് കമ്പനി ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ പുനരവലോകന ഹർജി സമർപ്പിച്ചു. മോഷണം നടന്നാൽ ഉടനടി അക്കാര്യം ഇൻഷുറൻസ് കമ്പനിയെ അറിയിക്കണമെന്നതും ഇൻഷുറൻസ് കമ്പനിയുടെ അന്വേഷണവുമായി സഹകരിക്കണമെന്നതും ഇൻഷുറൻസ് കരാറിലെ നിർബ്ബന്ധിത വ്യവസ്ഥയാണെന്ന് ദേശീയ കമ്മീഷൻ വിലയിരുത്തി. കരാർ വ്യവസ്ഥകൾ ലംഘിച്ച വാഹന ഉടമയ്ക്ക് ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരം നിഷേധിച്ചതിൽ തെറ്റില്ലെന്നു കണ്ട ദേശീയ കമ്മീഷൻ ജില്ലാ ഫോറത്തിന്റെയും സംസ്ഥാന കമ്മീഷന്റെയും വിധികൾ റദ്ദാക്കി. ഇതിനെതിരെ വാഹന ഉടമ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഈ തർക്കം സംബന്ധിച്ച് സുപ്രീം കോടതിയിലെ വിവിധ രണ്ടംഗ ബഞ്ചുകൾ പരസ്പര വിരുദ്ധമായ വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു കണ്ട സാധാരണ ബഞ്ച് കേസ് മൂന്നംഗ ബഞ്ചിന്റെ പരിഗണനക്കു വിട്ടു. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ലെന്നും 52 ദിവസത്തെ കാലഹരണം നിസ്സാരമാണെന്നും അതുകൊണ്ട് ഇൻഷുറൻസ് കമ്പനിക്ക് യാതൊരു ദോഷവും നേരിട്ടിട്ടില്ലെന്നും ഇൻഷുറൻസ് കമ്പനി നടത്തിയ അന്വേഷണത്തിൽ മോഷണം നടന്നുവെന്നത് സത്യമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്നും വാഹന ഉടമ വാദിച്ചു. പോലീസിന്റെ അന്വേഷണ റിപ്പോർട്ട് വരുന്നതിനു വേണ്ടി കാത്തിരുന്നതിനാലാണ് ഉടനടി അപേക്ഷ സമർപ്പിക്കാതിരുന്നതെന്നും വാഹന ഉടമ ചൂണ്ടിക്കാട്ടി. ഇൻഷുറൻസ് കമ്പനിയുടെ അന്വേഷണവുമായി സഹകരിക്കണമെന്ന ചുമതല മാത്രമാണ് വാഹന ഉടമയ്ക്ക് ഉള്ളതെന്ന് സുപ്രീം കോടതി ഓർമ്മിപ്പിച്ചു. അപേക്ഷ സമർപ്പിക്കാൻ 52 ദിവസത്തെ കാലതാമസം ഉണ്ടായി എന്നത് കരാർ വ്യവസ്ഥയുടെ ലംഘനമല്ലെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു. അപേക്ഷ സമർപ്പിക്കാൻ കാലതാമസമുണ്ടായി എന്ന കാരണത്താൽ ഇൻഷുറൻസ് തുക നിഷേധിക്കാനാവില്ലെന്ന് വിലയിരുത്തിയ സുപ്രീം കോടതി ദേശീയ കമ്മീഷന്റെ ഉത്തരവ് റദ്ദാക്കുകയും സംസ്ഥാന കമ്മീഷന്റെയും ജില്ലാ ഫോറത്തിന്റെയും വിധികൾ ശരിവയ്ക്കുകയും ഒന്നര മാസത്തിനുള്ളിൽ തുക പലിശ സഹിതം നല്കണമെന്ന് ഇൻഷുറൻസ് കമ്പനിയോട് നിർദ്ദേശിക്കുകയും ചെയ്തു.